


മഹാത്മാ ഗാന്ധി

# വൈക്കം ബ്ലോക്ക് പഞ്ചായത്ത്

# 2026–2027 ലെ
# കരട് ബഡ്ജറ്റ്

പ്രസിഡന്റ്:


**ശ്രീ. കെ.കെ.ശശികുമാർ**

വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ

**ശ്രീമതി ഗീത സോമൻ**

സെക്രട്ടറി

**ശ്രീ. അജിത്ത് കെ.**



# ആമുഖം

നമ്മുടെ രാജ്യത്തിന് ആകെ മാതൃകയായി മാറിയ കേരളം ആവിഷ്കരിച്ച വികേന്ദ്രീകൃത ആസൂത്രണം അടിസ്ഥാനമാക്കിക്കൊണ്ടുള്ള 2026-27 വർഷത്തേക്കുള്ള വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ഗ്രാമപഞ്ചായത്തുകളുടെ ആകെ സമഗ്രമായ പുരോഗതിയാണ് നമ്മുടെ ലക്ഷ്യം. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, അടിസ്ഥാന വികസനം, കാർഷിക - മൃഗസംരക്ഷണ - മത്സ്യ - കയർ - കൈത്തറി - ക്ഷീരമേഖല, പട്ടികജാതി - പട്ടികവർഗ്ഗ മേഖല, സ്ത്രീകൾക്കും കുട്ടികൾക്കും, വയോജനങ്ങൾ - ഭിന്നശേഷിക്കാർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കിയാണ് ബജറ്റ് നിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്.

ഭൂമിശാസ്ത്രപരമായി വൈക്കത്തിന് ലഭ്യമായിട്ടുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും, യുവജനങ്ങൾക്കാവശ്യമായ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപാദന മേഖല ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ബജറ്റ് നിർദ്ദേശങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**കെ. കെ. ശശികുമാർ**
പ്രസിഡന്റ്
വൈക്കം ബ്ലോക്ക് പഞ്ചായത്ത്

വൈക്കം

03.03.2026



# ബഡ്ജറ്റ് പ്രസംഗം

ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബഹു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബഹു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ബഹു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബഹു. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർ, ബഹു. ആസൂത്രണ സമിതി ഉപാധ്യക്ഷൻ, പ്രിയ മാധ്യമ സുഹൃത്തുക്കളേ,

മുന്നിരിപ്പ് 2,70,06,717 രൂപയും വരവ് 65,17,99,800 രൂപയും ഉൾപ്പടെ ആകെ വരവ് 67,88,06,817 രൂപയും ആകെ ചെലവ് 64,82,11,800 രൂപയും നീക്കിയിരിപ്പ് 3,05,94,717 രൂപയും വരുന്ന വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തെ ബഡ്ജറ്റ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു.

2026-27 വർഷത്തെ കേന്ദ്ര സംസ്ഥാന ബഡ്ജറ്റുകൾ അവതരിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ആയതിന്റെ വെളിച്ചത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 214 അനുശാസിക്കുന്ന പ്രകാരവും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ചു കൊണ്ടും പ്രാദേശിക സർക്കാർ എന്ന നിലയിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ബഡ്ജറ്റ് അവതരിപ്പിക്കേണ്ടതാണ്. സംസ്ഥാന ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന പ്ലാൻ ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ടുകൾ എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സുകൾ. ടി ഫണ്ടുകൾ ബ്ലോക്കിന് കീഴിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലും അധിവസിക്കുന്ന വിവിധ തുറകളിൽപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി വിനിയോഗിക്കുവാൻ ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. സാധാരണ നിലയിൽ മാർച്ച് അവസാനവാരം വരെ ബഡ്ജറ്റിനായി നമുക്ക് സമയം ലഭിക്കാറുണ്ട്. എന്നാൽ ഈ വർഷം നിയമസഭ, ഇലക്ഷനുമായി ബന്ധപ്പെട്ട വിജ്ഞാപനം ഉടൻതന്നെ വരുമെന്നതിനാൽ 2026-27 വർഷത്തെ പദ്ധതികളുടെ പൂർണ്ണരൂപം ആകുന്നതിനു മുൻപുതന്നെ ബഡ്ജറ്റ് അവതരിപ്പിക്കേണ്ട സാഹചര്യം വന്നു ചേർന്നിരിക്കുകയാണ്. കൂടാതെ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള പുതിയ പ്ലാറ്റ്ഫോമായ കെ-സ്മാർട്ടിൽ (K-SMART) തയ്യാറാക്കിയ ആദ്യ ബഡ്ജറ്റ് എന്ന പ്രത്യേകത കൂടി ഈ ബഡ്ജറ്റിനുണ്ട്.

2026-27 സാമ്പത്തിക വർഷം പൊതുവിഭാഗം വികസന ഫണ്ടിനത്തിൽ 3,25,08,000/ (മൂന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എണ്ണായിരം രൂപ മാത്രം), എസ് സി പി ഫണ്ടിനത്തിൽ 1,45,81,000/ (ഒരു കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപ മാത്രം), ടി എസ് പി ഫണ്ടിനത്തിൽ 1,06,000/ (ഒരു ലക്ഷത്തി ആറായിരം രൂപ മാത്രം), കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിനത്തിൽ 42,00,000/ (നാൽപ്പത്തി രണ്ടു ലക്ഷം) കേന്ദ്രധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഇനത്തിൽ 63,00,000 (അറുപത്തിമൂന്ന് ലക്ഷം) എന്നിങ്ങനെ ആകെ 5,76,95,000(അഞ്ചുകോടി എഴുപത്തിയാറു ലക്ഷത്തിതൊണ്ണൂറ്റി അയ്യായിരം രൂപയാണ് 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ. പ്രസ്തുത ഫണ്ടുകൾ ഉൽപാദന മേഖല, സേവന മേഖല, പശ്ചാത്തല

മേഖല, വയോജനങ്ങൾ, ശിശുക്കൾ, ഭിന്നശേഷിക്കാർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവർക്കായി വിനിയോഗിക്കേണ്ടതുണ്ട്.

**ഉൽപാദന മേഖല**

കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, കയർ, കക്ക, മത്സ്യം, കൈത്തറി, മണ്ണ്, ജലസംരക്ഷണം, വ്യവസായം തുടങ്ങിയവ ഉൾപ്പെടുന്ന ഉൽപാദന മേഖലയിൽ നടപ്പു സാമ്പത്തിക വർഷം ഒട്ടേറെ വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷം ഉൽപാദന മേഖലയ്ക്കായി 1,19,51,920/ രൂപ വകയിരുത്തുന്നു. തരിശുനില കൃഷി ഉദ്ദേശിച്ചുകൊണ്ടുള്ള പൊൻകതിർ, നിറവ് ആറാം ഘട്ടം പച്ചക്കറി കൃഷി, പൂകൃഷി, ചോള കൃഷി, എള്ള് കൃഷി, വനിതകൾക്കായി മില്ലറ്റ് കൃഷി, പപ്പായ സമൃദ്ധിഗ്രാമം എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം**

സാമൂഹ്യനീതി, സാമ്പത്തിക ഉന്നമനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് ഉതകുന്ന പദ്ധതികൾ 2026-27 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്ന പദ്ധതി, പട്ടികജാതി മെറിറ്റോറിയസ് സ്കോളർഷിപ്പ്, വീടുകളുടെ അറ്റകുറ്റപ്പണി, പട്ടികജാതി വിഭാഗത്തിന് ഇലക്ട്രിക് ഓട്ടോ തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന വികസനത്തിനായി പദ്ധതി വിഭാവനം ചെയ്യുന്നു.

**പശ്ചാത്തല മേഖല**

ഗ്രാമ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് പശ്ചാത്തല മേഖലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളിലൂടെയാണ്.

മത്തുങ്കൽ റോഡ് ചെമ്പ് ഗ്രാമപഞ്ചായത്ത്: 5,00,000/

ഗവ. യു.പി. സ്കൂൾ ഉദയനാപുരം നവീകരണം: 5,00,000/ രൂപ

വെച്ചൂർ മറ്റം-വലിയ പുതുശ്ശേരി ഭാഗം റോഡ് നിർമ്മാണം: 5,00,000/ രൂപ

ഇടയല്ലല റോഡിൽ ഞെട്ടേത്തറ കുളം സംരക്ഷണ ഭിത്തി നിർമ്മാണവും കരിയാർ ഭാഗത്തെ കടവിന്റെ നവീകരണവും: 6,00,000/ രൂപ

വിവിധ എസ് സി സങ്കേതങ്ങളുടെ നവീകരണം: 20,00,000/ രൂപ

തുടങ്ങിയ ഈ വർഷം പശ്ചാത്തല മേഖലയിൽ നടപ്പിലാക്കിയ സുപ്രധാന പദ്ധതികളാണ്.

വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, വൈദ്യുതി ലൈൻ നീട്ടൽ, സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, ഓപ്പൺ ജിം, വിവിധ പഞ്ചായത്തുകളിൽ ഹാപ്പിനെസ്സ് പാർക്ക്, ഘടകസ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ, ആധുനിക നിലവാരത്തിലുള്ള സ്റ്റേഡിയം, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യ വികസനം, നദികളുടേയും ഉൾതോടുകളുടേയും മാലിന്യം നീക്കംചെയ്ത് ആഴംകൂട്ടുന്നതിനായി നദികളുടെ പുനരുദ്ധാരണ പദ്ധതി **ഇനി ഞാൻ ഒഴുകട്ടെ** എന്ന പദ്ധതി എന്നിവയ്ക്കായി ഈ ബഡ്ജറ്റിൽ തുക വകയിരുത്തുന്നു.

**സേവന മേഖല**

വിദ്യാഭ്യാസം, കല, സംസ്കാരം എന്നീ മേഖലകൾക്കായി 55,06,000/ രൂപ വകയിരുത്തുന്നു. അക്ഷരജ്വാല പദ്ധതി - ശക്തിപ്പെടുത്തൽ എൽ പി തലത്തിലുള്ള കുട്ടികളുടെ കായിക അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി ജൂനിയർ അത്‌ലറ്റ്, കുടിവെള്ളം, ശുചിത്വ മാലിന്യ സംസ്കരണം എന്നീ മേഖലകൾക്കായി 8,40,9750/ രൂപ വകയിരുത്തുന്നു. ഇ-ഹെൽത്ത് പദ്ധതി - 8 ലക്ഷം, സി എച്ച് സി ആധുനിക വൽക്കരണം - 9 ലക്ഷം, ഇടയാഴം സി എച്ച് സിയിൽ ഡെന്റൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള മന്ദഹാസം പദ്ധതി - 7 ലക്ഷം എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വയോജനക്ഷേമത്തിനായി ഏറ്റവും മികച്ച പദ്ധതികൾ നടപ്പിലാക്കിയതിന് വൈക്കം ബ്ലോക്ക് പഞ്ചായത്തിന് വയോസേവ പുരസ്കാരം മുൻവർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. ഈ വരുന്ന സാമ്പത്തിക വർഷവും വയോജനങ്ങൾക്കായി മികച്ച പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. വയോത്സവം, വയോജനങ്ങൾക്ക് ആയുർവേദ മരുന്നുകൾ എന്നീ പദ്ധതികൾക്കായി തുക വകയിരുത്തുന്നു. വയോജന പരിരക്ഷ ലക്ഷ്യമിട്ട് സായംപ്രഭ സമ്പൂർണ്ണ പാലീയേറ്റീവ് പദ്ധതി വിഭാവനം ചെയ്യുന്നു. തെരുവുനായ നിയന്ത്രണത്തിനുള്ള ABC പദ്ധതി ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കും. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കും മയക്കുമരുന്ന് ഉപയോഗത്തിനും ആത്മഹത്യാ പ്രവണതക്കുമെതിരെ സമഗ്രമായ മധുരം ജീവിതം പദ്ധതി ഏറ്റെടുക്കുന്നു. വമ്പിച്ച ജനപങ്കാളിത്തം ഉറപ്പാക്കി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെയാകും ഇത് നടപ്പാക്കുന്നത്. സീറോ വേസ്റ്റ് മാലിന്യ നിർമ്മാർജന ക്യാമ്പയിൻ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പിലാക്കും. നദികളിലെ പോള, പായൽ നിർമ്മാർജ്ജനം ചെയ്യുകയും പായലിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കായി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ശിശുക്ഷേമം**

അംഗൻവാടി പൂരകപോഷകാഹാര പദ്ധതിക്കായി 9,00,000/ രൂപയും സ്ഥലം ലഭ്യമായ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് പദ്ധതിയും വിഭാവനം ചെയ്യുന്നു. സംയുക്ത പ്രോജക്ട് ആയി ഒരു പഞ്ചായത്തിൽ ഒരു സ്മാർട്ട് അംഗൻവാടി എന്ന പദ്ധതി വിഭാവനം ചെയ്യുന്നു. ഭിന്നശേഷിക്കാർക്കായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി എന്നിവയ്ക്കായി 9,00,000/ രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, സഹവാസക്യാമ്പ് എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നു.

വനിതാ ഘടക പദ്ധതിക്കായി 47,19,500/ രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം, വനിതകൾക്കായി വർക്ക് നിയർ ഹോം പദ്ധതി, ആട് വളർത്തൽ പ്രോത്സാഹനം, വനിതകൾക്കായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് ഫിറ്റ്നസ് സെന്റർ പദ്ധതി എന്നിവ ഈ വർഷം നടപ്പിലാക്കുന്ന നൂതന പദ്ധതികളാണ്.

**ലൈഫ് പാർപ്പിട പദ്ധതി**

ലൈഫ് പാർപ്പിട പദ്ധതിക്ക് 6 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിലേക്ക് 10,00,000/ രൂപയും ലൈഫ് (എസ് സി പി) പദ്ധതിക്കായി 12,00,000/ രൂപയും വകയിരുത്തുന്നു.

പി.എം.എ.വൈ (ജനറൽ) പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും കേന്ദ്ര വിഹിതവും എന്നിവ ഉൾപ്പെടെ 4,77,30,000/ രൂപയും പി.എം.എ.വൈ എസ് സി പി ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും കേന്ദ്ര വിഹിതവും എന്നിവ ഉൾപ്പെടെ 4,00,000/ രൂപയും എന്നിങ്ങനെ വകയിരുത്തുന്നു.

**എം.ജി.എൻ.ആർ.ഇ.ജി.എസ് (**MGNREGS)

ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ള ഏറ്റവും ബൃഹത്തായ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ് MGNREGS പദ്ധതി. നിലവിൽ കേന്ദ്ര സർക്കാർ ടി പദ്ധതിയുടെ പേരും ഫണ്ട് വിതരണത്തിലും വ്യത്യാസം കൊണ്ടുവന്നിട്ടുണ്ട്. ടി പദ്ധതി ഇപ്പോൾ VB-G RAMG എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. നിലവിൽ ഇതുവരെ പദ്ധതി ചിലവ് 16 കോടി 73 ലക്ഷത്തി 29 ആയിരം (16,73,29,000/) രൂപയാണ്.

2026–27 സാമ്പത്തിക വർഷത്തിൽ 6 പഞ്ചായത്തിലേക്കുമുള്ള ലേബർ ബഡ്ജറ്റ് അടങ്കൽ തുക 52,70,80,900 (അൻപത്തിരണ്ട് കോടി എഴുപത് ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരം രൂപ മാത്രം).

ഈ ഭരണ സമിതി അധികാരത്തിലേറിയതിന് ശേഷമുള്ള ആദ്യ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റ് വിഹിതമായും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായും ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുള്ള ഫണ്ടുകൾ സമസ്ത മേഖലയിലേയും ജനവിഭാഗങ്ങളുടേയും ക്ഷേമത്തിനും ഉന്നമനത്തിനുമായി വിനിയോഗിക്കുവാൻ ഈ ബഡ്ജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകുകയും അതിന്റെ വിജയകരമായ നടത്തിപ്പിനും പൂർത്തീകരണത്തിനും ആത്മാർത്ഥമായ സഹകരണവും പിന്തുണയും നൽകി വരുന്ന എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുടെ നടത്തിപ്പിനായി യഥാസമയം ഗുണഭോക്തൃ ലിസ്റ്റുകൾ ലഭ്യമാക്കുന്ന 6 ഗ്രാമപഞ്ചായത്തുകൾക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും വിലയേറിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്ന ആസൂത്രണസമിതി ഉപാധ്യക്ഷൻ, ആസൂത്രണ സമിതി അംഗങ്ങൾ തുടങ്ങിയവർക്കും നിസീമമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

(ഒപ്പ്)

**ഗീത സോമൻ**

വൈസ് പ്രസിഡന്റ്,

വൈക്കം ബ്ലോക്ക് പഞ്ചായത്ത്

വൈക്കം

03.03.2026

# വൈക്കം ബ്ലോക്ക് പഞ്ചായത്ത്

പ്രസിഡന്റ് :

**ശ്രീ. കെ. കെ. ശശികുമാർ**

വൈസ് പ്രസിഡന്റ് :

**ശ്രീമതി ഗീത സോമൻ**

## സ്റ്റാന്റിംഗ് കമ്മറ്റികൾ

**1. ധനകാര്യം**

ശ്രീമതി. ഗീത സോമൻ
(ചെയർപേഴ്സൺ)
ശ്രീമതി. ഹൈമി ബോബി
ശ്രീ. പി. ജെ സെബാസ്റ്റ്യൻ
അഡ്വ. എം. ജി. രഞ്ജിത്ത്

**2. വികസനകാര്യം**

ശ്രീ. പി. വി. ഹരിക്കുട്ടൻ
(ചെയർമാൻ)
ശ്രീ. സുമേഷ് നാട്ടറിവ്
കുമാരി. കെ. ബി. വിഷ്ണുപ്രീയ

**3. ക്ഷേമകാര്യം**

ശ്രീ. ടി. എൻ സിബി
(ചെയർമാൻ)
ശ്രീമതി. രഞ്ജന. കെ. വി
ശ്രീമതി. സുകന്യ സുകുമാരൻ

**4. ആരോഗ്യവും വിദ്യാഭ്യാസവും**

ശ്രീമതി. പി. എസ്. പുഷ്പമണി
(ചെയർപേഴ്സൺ)
ശ്രീമതി ജീന തോമസ്
ശ്രീ. പി. എസ്. നൗഫൽ

# വൈക്കം ബ്ലോക്ക് പഞ്ചായത്ത്

# 2026 – 2027 സാമ്പത്തിക വർഷത്തെ

# കരട് ബഡ്ജറ്റ്

## വൈക്കം ബ്ലോക്ക് പഞ്ചായത്ത് 2026 - 27 വാർഷിക പദ്ധതി

## ഫണ്ട് വകയിരുത്തലുകൾ

## ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭ്യമായ തുക

| | | | |
|---|---|---|---|
| 1. | സാധാരണ വിഹിതം | - | 3,25,08,000 |
| 2. | പട്ടികജാതി ഉപപദ്ധതി | - | 1,45,81,000 |
| 3. | പട്ടികവർഗ്ഗ ഉപപദ്ധതി | - | 1,06,000 |
| 4. | ധനകാര്യകമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്) | - | 42,00,000 |
| 5. | ധനകാര്യകമ്മീഷൻ (പ്രത്യേക ഗ്രാന്റ്) | - | 63,00,000 |
| 6. | മെയിന്റനൻസ് ഗ്രാന്റ് | - | 60,37,000 |
| 7. | ജനറൽ പർപ്പസ് ഫണ്ട് | - | 96,38,000 |

| ക്രമ നമ്പർ | മേഖല വകയിരുത്തലുകൾ | വികസനഫണ്ട് ജനറൽ | വികസനഫണ്ട് എസ്.സി.സി. | വികസനഫണ്ട് ടി.എസ്.സി. |
|---|---|---|---|---|
| 1 | **ഉല്പാദനമേഖല ജനറൽ** | 83,01,920 | 10,00,000 | |
| 2 | **സേവനമേഖല ജനറൽ** | 76,43,130 | 46,00,000 | |
| 3 | **പശ്ചാത്തല മേഖല ജനറൽ** | 65,62,950 | 89,81,000 | 1,06,000 |
| | **ആകെ** | **3,25,08,000** | **1,45,81,000** | **1,06,000** |

| | |
|---|---|
| ധനകാര്യ കമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്) | 42,00,000 |
| ധനകാര്യ കമ്മീഷൻ (പ്രത്യേക ഗ്രാന്റ്) | 6,30,0000 |
| **ആകെ** | **1,05,00,000** |

## 2026-27 സാമ്പത്തിക വർഷത്തേക്ക് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചതിൽ നിന്നുള്ള സുപ്രധാന പദ്ധതികൾ

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് |
|---|---|
| 1. | തരിശുകൃഷിക്കായി സംയോജിത പദ്ധതി |
| 2. | നിറവ് - പൂകൃഷി, മില്ലറ്റ് കൃഷി, കൂൺകൃഷി |
| 3. | പപ്പായകൃഷി |
| 4. | സ്കൂൾതല പച്ചക്കറി കൃഷിവ്യാപനം |
| 5. | മുട്ട ഉല്പാദനത്തിൽ സമ്പൂർണ്ണ സ്വാശ്രയത്വം കൈവരിക്കുന്നതിനുള്ള പദ്ധതി |
| 6. | മത്സ്യകൃഷി |
| 7. | ലൈഫ്/പി.എം.എ.വൈ ഭവന പദ്ധതി |
| 8. | അതിദാരിദ്ര്യ നിർമാർജനത്തിനുള്ള പദ്ധതി രണ്ടാം ഘട്ടം |
| 9. | പാലിയേറ്റീവ് കെയർ, ജനസംഖ്യാനുപാതികമായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സഹായം |
| 10 | ഇടയാഴം സി.എച്ച്.സിയിൽ ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കുക |
| 11. | ഇടയാഴം സി.എച്ച്.സിയിൽ ഡെന്റൽ യൂണിറ്റ്, ഡയാലിസിസ് രോഗികൾക്ക് സഹായം |
| 12. | അക്ഷരജ്വാല പദ്ധതി- സാംസ്ക്കാരിക കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ |
| 13.. | ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, സ്കോളർഷിപ്പ് |
| 14. | വിജ്ഞാന കേരളം - തൊഴിൽമേള, ബ്ലോക്ക് തല ജോബ്സ്റ്റേഷൻ പ്രവർത്തനം ശക്തിപ്പെടുത്തൽ, വർക്ക് ഫ്രം ഹോം പദ്ധതി |
| 15. | കാലിത്തീറ്റ സബ്സിഡി, പാലിന് ഇൻസെന്റീവ് പദ്ധതി |
| 16. | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി |
| 17. | മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി |
| 18. | തോടുകൾ, ജലാശയങ്ങൾ എന്നിവ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുക, ജലാശയങ്ങളിലെ പോള,പായൽ എന്നിവ നീക്കം ചെയ്യുക, കണ്ടൽകാടുകൾ സംരക്ഷിക്കുക |
| 19. | പട്ടികജാതി നഗറുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ |
| 20. | പട്ടികവർഗ ഉന്നതികളുടെ സ്വയംപര്യാപ്തത |
| 21. | സംയോജിത ഉത്തരവാദിത്വ ടൂറിസം പദ്ധതി |
| 22. | ആധുനിക നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം |
| 23 | തെരുവുനായ നിർമ്മാർജന പദ്ധതി (ABC) |
| 24 | പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം, സ്വയംതൊഴിൽ സംരംഭങ്ങൾ |
| 25 | വനിതകൾക്ക് വർക്ക് നിയർ ഹോം കേന്ദ്രം |
| 26 | പട്ടികജാതി വിഭാഗത്തിന് ഇലക്ട്രിക്ക് ഓട്ടോ |
| 27 | വോളീബോൾ പ്രോത്സാഹന പദ്ധതി |
| 28 | മൊബൈൽ പാലീയേറ്റിവ് കെയർ യൂണിറ്റ് |
| 29 | ഫിസിയോതെറാപ്പി സെന്റർ നിർമ്മാണം |
| 30 | സാർവ്വത്രിക ലഹരി വിരുദ്ധ ക്യാമ്പയിൻ |
| 31 | ഹാപ്പിനസ് ക്ലബ്ബുകൾ |
| 32 | സ്ത്രീ സുരക്ഷ പദ്ധതി |
| 33 | ആടു വളർത്തൽ പ്രോത്സാഹനം |
| 34 | യൂത്ത് ക്ലബ്ബുകളുടെ രൂപീകരണം |

## 2026-27 ലെ ബജറ്റ് സംഗ്രഹം

| | |
|---|---|
| മുന്നിരിപ്പ് | 2,70,06,717 |
| വരവ് | 65,17,99,800 |
| ആകെ | 67,88,06,517 |
| ചെലവ് | 64,82,11,800 |
| നീക്കിയിരിപ്പ് | 3,05,94,717 |

| VAIKOM BLOCK PANCHAYATH DRAFT BUDGET FOR THE FINANTIALYEAR 2026-27<br>BUDGET STATEMENT | | | |
|---|---|---|---|
| **SN** | **HEAD OF ACCOUNTS** | **BUDGET FOR 2025-2026** | **BUDGET FOR 2026-2027** |
| | **Opening Balance** | **16886237** | **27006717** |
| | Revenue Receipt - 1 | | |
| | Fees and User Charges - 140 | | |
| 1 | 1401401 Fees under RTI Act | 1000 | 1000 |
| 2 | 1402001 Penal Interest | 1000 | 1000 |
| 3 | 1402003 Other Penalities and Fines | 50000 | 50000 |
| | **Total Fees and User Charges** | **52000** | **52000** |
| | Sale and Hire Charges - 150 | | |
| 4 | 1501102 Receipts from Sale of Tender Forms | 150000 | 150000 |
| 5 | 1501202 Receipts from Sale of Scrap | 40000 | 70000 |
| | **Total Sale and Hire Charges** | **190000** | **220000** |
| | Revenue Grants, Contributions and Subsidies - 160 | | |
| 6 | 1601017 Fund for Transferred Functions/ Schemes - Financial Help for Intercaste Marriages | 300000 | 450000 |

| | | | |
|---|---|---|---|
| 7 | 1601023 General Purpose Fund | 8867000 | 9638000 |
| | **Total Revenue Grants, Contributions and Subsidies** | **9167000** | **10088000** |
| | Interest Earned - 171 | | |
| 8 | 1711001 Interest from Bank Accounts | 30000 | 5000 |
| | **Total Interest Earned** | **30000** | **5000** |
| | Prior Period Items - 280 | | |
| 9 | 2801001 Prior Period Income | 0 | 500000 |
| | **Total Prior Period Items** | **0** | **500000** |
| | Rental Income - LB Properties - 130 | | |
| 10 | 1301005 Rent from Conference Hall | 10000 | 20000 |
| 11 | 1302003 Rent from Buildings | 9000 | 16900 |
| 12 | 1308001 Lease Rental | 1000 | 0 |
| 13 | 1308099 Other Rents | 1000 | 0 |
| | **Total Rental Income** | **21000** | **36900** |
| | Total Revenue Receipt | 9460000 | 10901900 |
| | Capital Receipt - 2 | | |

| | | | |
|---|---|---|---|
| | Grants, Contribution for Specific Purposes - 320 | | |
| 14 | 3201004 Central Finance Commission Grant - Tied | 29507539 | 6300000 |
| 15 | 3201005 Central Finance Commission Grant - Untied | 5210759 | 4200000 |
| 16 | 3201011 Prime Minister S Awas Yojana (PMAY) - General | 0 | 14040000 |
| 17 | 3201023 Member Of Parliament Local And Development Scheme | 0 | 4800000 |
| 18 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 1600000 | 527080900 |
| 19 | 3202001 Development Fund - General | 28813000 | 32508000 |
| 20 | 3202002 Development Fund - Special Component Plan | 14043870 | 14581000 |
| 21 | 3202003 Development Fund - Tribal Sub-Plan | 107000 | 106000 |
| 22 | 3202010 Maintenance Fund - Non-Road Assets | 6972000 | 6037000 |
| 23 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 4000000 | 0 |
| 24 | 3202027 Grants For Specific Purposes - Election | 0 | 1500000 |
| 25 | 3202037 Other Revenue Grants | 0 | 4350000 |
| 26 | 3204001 Grant from Financial Institutions | 2075000 | 0 |
| 27 | 3208010 Beneficiary Contribution | 1805000 | 0 |

| | | | |
|---|---|---|---|
| 28 | 3209001 Contribution to Joint Venture Projects from District Panchayat | 0 | 14700000 |
| 29 | 3209003 Contribution to Joint Venture Projects from Grama Panchayat | 0 | 8190000 |
| | **Total Grants, Contribution for Specific Purposes** | **94134168** | **638392900** |
| | Deposits Received - 340 | | |
| 30 | 3401003 Retention | 350000 | 400000 |
| 31 | 3402002 Auction Deposit | 0 | 10000 |
| | **Total Deposits Received** | **350000** | **410000** |
| | Other Liabilities - 350 | | |
| 32 | 3502010 Recoveries Payable - Dues to other LSGIs | 75000 | 75000 |
| 33 | 3502025 Recoveries Payable - Income Tax Deducted at Source | 0 | 20000 |
| 34 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 0 | 20000 |
| 35 | 3503005 Government and Other Dues Payable-TDS - CGST | 0 | 20000 |
| 36 | 3503006 Government and Other Dues Payable-TDS - SGST | 0 | 20000 |
| 37 | 3503008 Government and Other Dues Payable - CGST | 0 | 20000 |
| 38 | 3503009 Government and Other Dues Payable - SGST | 0 | 20000 |
| | **Total Other Liabilities** | **75000** | **195000** |

| | | | |
|---|---|---|---|
| | Loans, Advances and Deposits - 460 | | |
| 39 | 4605003 Advance to Implementing Officers | 600000 | 300000 |
| 40 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1600000 | 1600000 |
| | **Total Loans, Advances and Deposits** | **2200000** | **1900000** |
| | **Total Capital Receipt** | **96759168** | **640897900** |
| | Revenue Expenditure - 3 | | |
| | Establishment Expenses - 210 | | |
| 41 | 2101004 Salaries - Contract Staff | 530000 | 350000 |
| 42 | 2101101 Wages | 410000 | 430000 |
| 43 | 2101401 Honourarium | 1990000 | 2800000 |
| 44 | 2101501 Festival Allowance | 14710 | 16900 |
| 45 | 2102003 Travelling Allowances - Permanent Staff | 25000 | 20000 |
| 46 | 2102008 Other allowances - Permanent Staff | 8000 | 0 |
| 47 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 0 | 200000 |
| 48 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 80000 | 180000 |

| | | | |
|---|---|---|---|
| | **Total Establishment Expenses** | **2117710** | **3996900** |
| | Administrative Expenses - 220 | | |
| 49 | 2201101 Office Electricity Expenses | 100000 | 120000 |
| 50 | 2201201 Telephone Expenses/ Internet Charges | 50000 | 80000 |
| 51 | 2201202 Postage Expenses | 6000 | 9000 |
| 52 | 2202001 Books & Periodicals | 45000 | 100000 |
| 53 | 2202101 Printing & Stationery | 300000 | 300000 |
| 54 | 2204001 Insurance | 50000 | 100000 |
| 55 | 2205201 Professional & Other Fees | 30000 | 75000 |
| 56 | 2206001 Newspaper Advertisement Charges | 70000 | 100000 |
| 57 | 2206101 Membership & Subscriptions | 15000 | 50000 |
| 58 | 2208005 Donations And Contributions As Per Government Order | 4000000 | 0 |
| 59 | 2208099 Miscellaneous Administration Expenses | 180000 | 200000 |
| | **Total Administrative Expenses** | **4846000** | **1134000** |
| | Operation and Maintenance - 230 | | |
| 60 | 2301002 Fuel Charges | 450000 | 500000 |

| | | | |
|---|---|---|---|
| 61 | 2301003 Electricity Charges of Other Buildings of LB | 40000 | 50000 |
| 62 | 2304001 Vehicle Hire Charges | 60000 | 60000 |
| 63 | 2305199 Repairs & Maintenance - Other Civic Amenities | 0 | 4350000 |
| 64 | 2305301 Repairs & Maintenance - Vehicles | 100000 | 200000 |
| 65 | 2305902 Repairs & Maintenance - Office Equipments | 50000 | 50000 |
| 66 | 2305909 Other Repairs & Maintenance | 100000 | 50000 |
| 67 | 2308010 Extra - ordinary Expenses | 160000 | 150000 |
| 68 | 2308201 Refreshment Charges | 160000 | 160000 |
| | **Total Operation and Maintenance** | **1120000** | **5570000** |
| | Interest and Finance Charges - 240 | | |
| 69 | 2407001 Bank Charges | 3000 | 3000 |
| | **Total Interest and Finance Charges** | **3000** | **3000** |
| | Programe Expenses - 250 | | |
| 70 | 2501001 Election Expenses | 0 | 1500000 |
| 71 | 2502001 Expenditure on Poverty Eradication Program | 1600000 | 527080900 |
| | **Total Programe Expenses** | **1600000** | **528580900** |

| | | | |
|---|---|---|---|
| | Expenses Related to Productive Sector - 251 | | |
| 72 | 2510101 Agriculture - Paddy | 900000 | 0 |
| 73 | 2510106 Agriculture - Tubercrops | 250000 | 0 |
| 74 | 2510107 Agriculture - Fruits and Fruit Trees | 400000 | 0 |
| 75 | 2510117 Agriculture - Cereal Crops | 350000 | 0 |
| 76 | 2510138 Agriculture - Other Crops | 100000 | 0 |
| 77 | 2510209 Animal Husbandry - Infrastructure | 200000 | 0 |
| 78 | 2510210 Animal Husbandry - Disease Control | 500000 | 0 |
| 79 | 2510304 Dairy Development -Infrastructure | 400000 | 0 |
| 80 | 2510305 Dairy Development - Milk Incentives | 3039995 | 0 |
| 81 | 2510501 Minor Irrigation | 884888 | 0 |
| 82 | 2510601 Small scale industries and Micro enterprises | 1075000 | 0 |
| 83 | 2510613 Service Enterprises | 50000 | 0 |
| 84 | 2511101 Entreprenuership Development/ Promotion | 460000 | 0 |
| 85 | 2511301 Self Employment and Marketing Promotion | 2950000 | 0 |
| | Total Expenses Related to Productive Sector | 11559883 | 0 |

| | | | |
|---|---|---|---|
| | Expenses Related to Service Sector - 252 | | |
| 86 | 2520102 Primary Education | 441300 | 0 |
| 87 | 2520107 Education-Related Activities | 6599200 | 0 |
| 88 | 2520301 Reading Rooms, Libraries - Infrastructure | 400000 | 0 |
| 89 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | 700000 | 0 |
| 90 | 2520503 Arts,Culture,Sports and Youth Welfare-Promotion | 1370000 | 0 |
| 91 | 2520602 Health related Programs | 980720 | 0 |
| 92 | 2520618 Medical Institution - Allopathy | 7507148 | 0 |
| 93 | 2520801 Housing & House Electrification - Individual | 30570400 | 0 |
| 94 | 2520903 Women Welfare | 975000 | 0 |
| 95 | 2520904 Welfare of the Aged | 829650 | 0 |
| 96 | 2520905 Welfare Programs for the Destitute | 419312 | 0 |
| 97 | 2520906 Welfare Programs for Physically/ Mentally Challenged | 1117400 | 0 |
| 98 | 2521001 Anganwadi Nutrition | 532600 | 0 |
| 99 | 2521102 Anganwadi Related Services | 50000 | 0 |
| 100 | 2521401 Electricity Line Extension | 1812750 | 0 |

| | | | |
|---|---|---|---|
| 101 | 2521601 Local Government Service Delivery Improvement | 192262 | 0 |
| 102 | 2521602 Payments to IKM | 54298 | 0 |
| 103 | 2521701 Allied Institution Service Delivery Improvement | 533585 | 0 |
| 104 | 2521903 Public Sanitation - Related Activities | 3573102 | 0 |
| 105 | 2522001 Plan Formulation, Implementation and Monitoring | 196248 | 0 |
| | **Total Expenses Related to Service Sector** | **58854975** | **0** |
| | Expenses Related to Infrastructure Sector - 253 | | |
| 106 | 2530201 Roads | 500000 | 0 |
| 107 | 2530301 Public Buildings - Local Government Office Building | 1000000 | 0 |
| 108 | 2530302 Public Buildings - Other Buildings | 500000 | 0 |
| 109 | 2530502 Hiring of vehicles for office purposes | 400000 | 0 |
| | **Total Expenses Related to Infrastructure Sector** | **2400000** | **0** |
| | Expenses related to State Sponsored Schemes - 254 | | |
| 110 | 2540106 Financial Assistance for Intercaste marriage | 300000 | 450000 |
| | **Total Expenses related to State Sponsored Schemes** | **300000** | **450000** |
| | Revenue Grants, Cotributions and Subsidies - 260 | | |

| | | | |
|---|---|---|---|
| 111 | 2601011 Other Grants- Revenue Expenses | 0 | 4800000 |
| | **Total Revenue Grants, Cotributions and Subsidies** | **0** | **4800000** |
| | Prior Period Items - 280 | | |
| 112 | 2808001 Prior Period Expenses | 0 | 500000 |
| | **Total Prior Period Items** | **0** | **500000** |
| | **Total Revenue Expenditure** | **82801568** | **545034800** |
| | Capital Expenditure - 4 | | |
| | Refund of Deposits - 340 | | |
| 113 | 3401003 Retention | 350000 | 400000 |
| | Total Refund of Deposits | 350000 | 400000 |
| | Payment of Recoveries - 350 | | |
| 114 | 3502010 Recoveries Payable - Dues to other LSGIs | 75000 | 75000 |
| 115 | 3502025 Recoveries Payable - Income Tax Deducted at Source | 0 | 20000 |
| 116 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 0 | 20000 |
| 117 | 3503005 Government and Other Dues Payable-TDS - CGST | 0 | 20000 |
| 118 | 3503006 Government and Other Dues Payable-TDS - SGST | 0 | 20000 |

| | | | |
|---|---|---|---|
| 119 | 3503008 Government and Other Dues Payable - CGST | 2220 | 20000 |
| 120 | 3503009 Government and Other Dues Payable - SGST | 2221 | 20000 |
| 121 | 3508001 Liability in respect of Stale Cheque | 1405 | 20000 |
| | **Total Payment of Recoveries** | **80846** | **215000** |
| | Fixed Assets - 410 | | |
| 122 | 4102005 Hospital Buildings | 465520 | 0 |
| 123 | 4102008 School Buildings | 1242263 | 0 |
| 124 | 4102016 Other Buildings | 771265 | 0 |
| 125 | 4103001 Concrete Roads | 800000 | 0 |
| 126 | 4103002 Black Topped Roads | 478379 | 0 |
| 127 | 4103004 Footpath | 1350000 | 0 |
| 128 | 4103006 Mud Roads | 500000 | 0 |
| 129 | 4103010 Culverts | 200000 | 0 |
| 130 | 4103012 Side Walls | 1085870 | 0 |
| 131 | 4103099 Other Constructions | 866759 | 0 |
| 132 | 4103102 Drainage | 2727000 | 0 |

| | | | |
|---|---|---|---|
| 133 | 4104001 Plant & Machinery | 3608000 | 0 |
| 134 | 4106002 Computers, Printers & Peripherals | 710000 | 0 |
| 135 | 4107001 Furniture, Fixtures, Fittings & Electrical Appliances | 1567150 | 0 |
| 136 | 4108001 Other Fixed Assets | 1166288 | 0 |
| | **Total Fixed Assets** | **17538494** | **0** |
| | Loans, Advances and Deposits - 460 | | |
| 137 | 4605003 Advance to Implementing Officers | 0 | 300000 |
| 138 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1100000 | 1600000 |
| | **Total Loans, Advances and Deposits** | **1100000** | **1900000** |
| | **Total Capital Expenditure** | **19069340** | **2515000** |
| | Total Expenditure | 101870908 | 547549800 |
| | Total Receipts | 106219168 | 651799800 |
| | Balance | 21234497 | 131256717 |
| | Expenditure Ermarked For Plan 2026-2027 | | 100662000 |
| | Balance | | 30594717 |

| | | |
|---|---|---|
| | **OWN FUND VALIDATION** | |
| | **INFLOW** | |
| 1 | OPENING BALANCE-<br>OWN FUND | 27006717 |
| 2 | OWN SOURCE REVENUE | 813900 |
| 3 | GENERAL PURPOSE FUND | 9638000 |
| A | TOTAL INFLOW | 10451900 |
| | **OUT FLOW** | |
| 1 | OWN FUND FOR NON PLAN | 6353900 |
| 2 | OWN FUND FOR PLAN | 0 |
| B | TOTAL OUTFLOW | 6353900 |
| | BALANCE(A-B) | 4098000 |
| ബാലൻസ് ആകെ തനതുഫണ്ട് വരുമാനത്തിന്റെ 5% മിച്ച ബജറ്റ് ഉണ്ട്.അതിനാൽ വാലിഡേഷൻ കൃത്യം ആണ്. | | |

# പെർഫോർമൻസ് ബഡ്ജറ്റ്

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | | ആകെ | ഭൗതീക നേട്ടം | പ്രതിക്ഷിത ഫലം |
|---|---|---|---|---|---|---|
| | | നോൺ പ്ലാൻ | പ്ലാൻ | | | |
| 1 | അംഗൻവാടി പൂരകപോഷകാഹാരം | | 900,000 | 900000 | പോഷകസമൃദ്ധമായ ഭക്ഷണം കുട്ടികൾക്ക് നൽകാൻ കഴിയുന്നു | ആരോഗ്യമുള്ള പുതിയ തലമുറയെ വാർത്തെടുക്കാൻ കഴിയുന്നു |
| 2 | വയോത്സവം | | 100,000 | 100000 | വൈക്കം ബ്ലോക്ക് പഞ്ചായത്തിലെ 6 പഞ്ചായത്തുകളിലെ ഏകദേശം 150 ഓളം വയോധികർക്കു വേണ്ടിയുള്ള പദ്ധതി | മാനസീകോല്ലാസം, സമകാലീകരായ ആളുകളോടൊത്ത് ഇടപഴകാനും അവസരം |
| 3 | യൂത്ത് ക്ലബുകളുടെ രൂപീകരണം | | 200,000 | 200000 | കുട്ടികളുടെ കായിക ശേഷി കണ്ടെത്താനും പ്രോത്സാഹിക്കാനും കഴിക്കുന്നു | സ്പോർട്സിൽ മികച്ചുള്ളവരെ നേരത്തേ കത്തെി പരിശീലനം നൽകാൻ കഴിക്കുന്നു |
| 4 | വോളിബോൾ പ്രോത്സാഹന പദ്ധതി | | 200000 | 200000 | കുട്ടികളുടെ കായിക ശേഷി കണ്ടെത്താനും പ്രോത്സാഹിക്കാനും കഴിയുന്നു | സ്പോർട്സിൽ മികച്ചുള്ളവരെ നേരത്തേ കത്തെി പരിശീലനം നൽകാൻ കഴിയുന്നു. കുട്ടികളെ ലഹരിയിൽ നിന്നും സംരക്ഷിക്കാൻ കഴിയുന്നു. |
| 5 | സ്ത്രീകൾക്ക് ഫാഷൻ ഡിസൈനിംഗ് യൂണിറ്റ് | | 5,00,000 | 500000 | സ്ത്രീകൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നു | സാമ്പത്തിക സുരക്ഷിത്വം സാമൂഹികപദവി വർദ്ധിപ്പിക്കുന്നു. |
| 6 | കാറ്ററിംഗ് യൂണിറ്റ് | | 10,00,000 | 100000 | സ്ത്രീകൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നു | സാമ്പത്തിക സുരക്ഷിത്വം സാമൂഹികമായി വർദ്ധിപ്പിക്കുന്നു. |
| 6 | ഹാപ്പിനെസ്സ് ക്ലബുകൾ | | 500000 | 500000 | വയോജനങ്ങളെ സാമൂഹ്യത്തിന്റെ അവിഭാജ്യ ഭാഗമായി നിലനിർത്തുന്നു. ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. | സാമ്പത്തിക സുരക്ഷിത്വം സാമൂഹിക പദവി വർദ്ധിപ്പിക്കുന്നു. |
| 8 | അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതി | | 120000 | 120000 | ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നടപ്പിലാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളെ സാമ്പ | സാമൂഹ്യ ഗുണമേ വർദ്ധിപ്പിക്കുന്നു. സുരക്ഷിതമായ സാമൂഹത്തിലേയ്ക്കുള്ള യാത്ര സുഗമമാക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ത്തികമായി ശക്തി പ്പെടുത്തുന്നു. | |
| 9 | പരമ്പരാഗത കൈതൊഴിലു കൾക്ക് പ്രോത്സാ ഹനം | | 300000 | 300000 | കയർ, കക്ക, മത്സ്യം, തഴപ്പായ തുടങ്ങിയ മേഖലയിൽ പ്രവർത്തി ക്കുന്നവരെ സാമ്പത്തി കമായി സഹായിക്കു ന്നതിനുവേണ്ടി | സാമൂഹത്തിലെ ഏറ്റവും കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന വർക്ക് സാമ്പത്തി കമായ കൈത്തായ് ലഭ്യമാക്കുന്നു. |

**<u>ജൻഡർ ബഡ്ജറ്റ്</u>**

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | സ്ത്രീ | പു. |
|---|---|---|---|---|
| 1 | സ്കൂൾതല പച്ചക്കറി കൃഷി വ്യാപനം | 300000 | 100 | 100 |
| 2 | വനിതകൾക്ക് വർക്ക് നീയർ ഹോം കേന്ദ്രം | 1500000 | 50 | 0 |
| 3 | സാർവ്വത്രിക ലഹരി വിരുദ്ധ കാമ്പയിൻ | 200000 | 25000 | 25000 |
| 4 | മധുരം ജീവിതം - ആത്മ ഹത്യാ പ്രതിരോധത്തിനു വേണ്ടിയുള്ള പദ്ധതി | 400000 | 25000 | 25000 |
| 5 | വനിതകൾക്ക് ഫാഷൻ ഡിസൈനിംഗ് യൂണിറ്റ് | 500000 | 25 | 0 |
| 6 | കാറ്ററിംഗ് യൂണിറ്റ് | 1000000 | 25 | 0 |